# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/217/2017 2017 ഒക്ടോബർ 20

## പത്രക്കുറിപ്പ്

**എം.ജി. പി.ജി. ഏകജാലകം: രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിന് ഓപ്ഷൻ പുനഃക്രമീകരണം ഇന്നും നാളെയും**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ 2017ൽ പി.ജി. പ്രവേശനത്തിന് ഒക്ടോബർ 24ന് നടത്തുന്ന രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിന് പരിഗണിക്കുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തെ നൽകിയ ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാൻ ഇന്നു മുതൽ (ഒക്ടോബർ 21) നാളെ വൈകീട്ട് 5 മണി വരെ സൗകര്യമുണ്ടാകും. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനഃക്രമീകരണം നടത്താൻ സാധിക്കും. എന്നാൽ പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ താത്കാലിക പ്രവേശം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം രണ്ടാം സ്പെഷ്യൽ അലോട്ട്മെന്ററിൽ പുതുതായി ഹയർ ഓപ്ഷനിലെ മറ്റൊരു പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്നപക്ഷം പുതുതായി അലോട്ട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബ്ബന്ധമായും പ്രവേശനം നേടേണ്ടതായി വരും. കൂടാതെ അവർക്ക് ലഭിച്ച ആദ്യ അലോട്ട്മെന്റ് റദ്ദാക്കപ്പെടുകയും ചെയ്യും. എന്നാൽ സ്ഥിരപ്രവേശം എടുത്ത വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതില്ല.

**പുതുക്കിയ പരീക്ഷാ തീയതി**

ഒക്ടോബർ 16ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ പരീക്ഷകളുടെ പുതുക്കിയ തീയതി നിശ്ചയിച്ചു. ആറാം സെമസ്റ്റർ ബി.എ./ബി.എസ്.സി./ബി.കോം/ബി.എ. മൾട്ടിമീഡിയ (മോഡൽ രണ്ട് - 2009ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷ ഒക്ടോബർ 23നും നാലാം വർഷ ബി.എസ്.സി. എം.എൽ.ടി. സപ്ലിമെന്ററി, മൂന്നാം വർഷ ബി.ഫാം റഗുലർ/സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2016 അഡ്മിഷൻ റഗുലർ - ഡിപ്പാർട്ട്മെന്റ്, 2009 മുതൽ അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി), രണ്ടാം വർഷ ബി.പി.ടി. (2015 അഡ്മിഷൻ റഗുലർ, 2008-2014 അഡ്മിഷൻ സപ്ലിമെന്ററി) എന്നീ പരീക്ഷകൾ ഒക്ടോബർ 24നും മൂന്നാം സെമസ്റ്റർ എം.ബി.എ. സ്പെഷ്യൽ മേഴ്സി ചാൻസ് (2001 - 2007 അഡ്മിഷൻ, 2008 - 2009 അഡ്മിഷൻ, 2010, 2011 അഡ്മിഷൻ), നാലാം സെമസ്റ്റർ എം.സി.എ. സ്പെഷ്യൽ മേഴ്സി ചാൻസ് (2007 - 2008 അഡ്മിഷൻ, 2009 - 2010 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ ഒക്ടോബർ 25നും അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2016 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ മുതൽ റീ അപ്പിയറൻസ്/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി), അവസാന വർഷ എം.പി.റ്റി. പുതിയ സ്കീം 2015 അഡ്മിഷൻ റഗുലർ, 2013 - 14 അഡ്മിഷൻ സപ്ലിമെന്ററി, 2013ന് മുമ്പുള്ള അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ് എന്നീ പരീക്ഷകൾ 26നും രണ്ടാം സെമസ്റ്റർ എം.സി.എ. പുതിയ സ്കീം 2016 അഡ്മിഷൻ റഗുലർ, 2011 - 2015 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ/സ്റ്റാസ് സപ്ലിമെന്ററി, ലാറ്ററൽ എൻട്രി (2016 അഡ്മിഷൻ റഗുലർ, 2011 - 15 അഡ്മിഷൻ സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷ 27നും ആറാം സെമസ്റ്റർ എൽ.എൽ.ബി. (ബി.ബി.എ., ബി.എ. & ബി.കോം എൽ.എൽ.ബി. കോഴ്സുകൾ) പരീക്ഷ 30നും സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. പരീക്ഷ നവംബർ 1നും സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷ നവംബർ 6നും നടത്തും.

**പ്രോജക്ട് ഇവാല്യുവേഷനും വൈവാവോസിയും**

ആറാം സെമസ്റ്റർ എം.സി.എ. (അഫിലിയേറ്റഡ് കോളേജുകളും സ്റ്റാസും - 2014 അഡ്മിഷൻ റഗുലർ/2012 & 2013 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ ലാറ്ററൽ എൻട്രി) & 2013 - 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷനും വൈവാവോസിക്കുമുള്ള അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 30 വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർഫൈനോടെ നവംബർ 3 വരെയും സ്വീകരിക്കും. ആദ്യമായി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നവർ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 100 രൂപയും പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

**പരീക്ഷാ തീയതി**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2016 ബാച്ച് പി.എച്ച്.ഡി. കോഴ്സ് വർക്ക് എക്സ്റ്റേണൽ പരീക്ഷ നവംബർ 3ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 25 വരെയും 50 രൂപ പിഴയോടെ 30 വരെയും സമർപ്പിക്കാം.

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഒക്ടോബർ 16ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) പരീക്ഷ ഒക്ടോബർ 30ന് നടത്തും.

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ നാലാം സെമസ്റ്റർ എം.എഡ്. വൈവാവോസി പരീക്ഷ നവംബർ 2ന് നടത്തും.

ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് & സെമസ്റ്റർ - 2013 - 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ തിയററ്റിക്കൽ ബേസസ് ഓഫ് നാചറൽ സയൻസ് എഡ്യൂക്കേഷൻ എന്ന പേപ്പറിന്റെ പരീക്ഷ നവംബർ 10ന് രാവിലെ 9.30 മുതൽ 12.30 വരെ നടത്തും.

**പരീക്ഷാഫലം**

2017 മെയ് മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എ. പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 30 വരെ അപേക്ഷിക്കാം.

2016 ഡിസംബറിൽ നടത്തിയ ബി.എ. പാർട്ട് മൂന്ന് മെയിൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്, 2017 ഫെബ്രുവരിയിൽ നടത്തിയ ബി.എ. പാർട്ട് ഒന്ന്, രണ്ട്, മൂന്ന് സബ്സിഡിയറി സപ്ലിമെന്ററി/മേഴ്സി ചാൻസ് എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 30 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**